# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 02-12-2012

## ഉച്ചഭക്ഷണം -
## ഡി പി ഐ ഓഫീസിന് മുന്നിൽ ഹെഡ്മാസ്റ്റർമാരുടെയും
## പി ടി എ ഭാരവാഹികളുടെയും ധർണ

സ്കൂൾ ഉച്ചഭക്ഷണ പരിപാടി മുടക്കുന്നതിനെതിരെ ഹെഡ്മാസ്റ്റർമാരും പി ടി എ ഭാരവാഹികളും ഡിസംബർ 5 ന് ഡി പി ഐ, ഡി ഡി ഇ ഓഫീസുകൾക്ക് മുന്നിൽ ധർണ നടത്തും. കഴിഞ്ഞ മാസം മുതൽ സ്കൂളുകളിൽ അരിവിതരണം മുടങ്ങിയിരിക്കുകയാണ്. ഏതെങ്കിലും സ്കൂളുകളിൽ സ്റ്റോക്കുണ്ടെങ്കിൽ അത് എടുത്ത് ഇല്ലാത്ത സ്കൂളുകളിൽ വിതരണം ചെയ്യണമെന്നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം.

കേന്ദ്രം നൽകുന്ന അരി യഥാസമയം കിട്ടാത്തതുകൊണ്ടാണ് അരി വിതരണം മുടങ്ങിയത്. യു ഡി എഫ് സർക്കാർ അധികാരത്തിൽ വന്നയുടൻ പാൽ വിതരണത്തിന് മിൽമയുമായി ഉണ്ടാക്കിയ കരാർ റദ്ദുചെയ്തു. വിലവർധനവ് കാരണം മുട്ടയുടെ വിതരണവും മുടങ്ങി. പച്ചക്കറി, പലവ്യഞ്ജനം തുടങ്ങിയവയ്ക്കെല്ലാം ചെലവാകുന്ന തുക അനുവദിക്കുന്ന രീതി നിർത്തലാക്കി. പകരം കുട്ടിയൊന്നിന് 6 രൂപ മാത്രമാക്കി ചുരുക്കി. ഗ്യാസ് കിട്ടാനില്ലാതായതോടെ പാചകച്ചെലവ് താങ്ങാനാവാത്തവിധമായി.

പോഷാകാഹാരങ്ങളുടെ ലിസ്റ്റ് നൽകി നാട്ടുകരിൽ നിന്നും പിരിവ് നടത്തി ഉച്ചഭക്ഷണം വിതരണം ചെയ്യണമെന്നാണ് പുതിയ ഉത്തരവ്. ക്ലാസ് ചാർജുള്ള ഹെഡ്മാസ്റ്റർമാർക്ക് സ്കൂളിന്റെ ചുമതല നിർവഹിക്കാൻ കഴിയാത്തവിധമാണ് ഉച്ചഭക്ഷണ റജിസ്റ്റർ തയ്യാറാക്കാൻ നിർദ്ദേശിച്ചിരിക്കുന്നത്. അധ്യാപക-രക്ഷാകർതൃ സമിതികൾ ഭാരിച്ച ചെലവ് താങ്ങാനാവാതെ പ്രതിസന്ധിയിലാണ്. പ്രഭാതഭക്ഷണം ഏറെക്കുറെ നിലച്ചമട്ടാണ്. കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പോഷകാഹാരപദ്ധതിയും അട്ടിമറിച്ചു.

സ്കൂൾ ഉച്ചഭക്ഷണ പരിപാടി സംരക്ഷിക്കാൻ ഹെഡ്മാസ്റ്റർമാരും രക്ഷാകർതൃസമിതി ഭാരവാഹികളും ഡിസംബർ 5 ന് ജില്ലാതലവിദ്യാഭ്യാസ ഓഫീസുകൾും വിദ്യാഭ്യാസ ഡയറക്ടറേറ്റിനും മുന്നിൽ ധർണ നടത്തുകയാണ്. സ്കൂൾ പോഷകാഹാരപദ്ധതി പുനഃസ്ഥാപിച്ചില്ലെങ്കിൽ ശക്തമായപ്രക്ഷോഭമാരംഭിക്കുമെന്ന് കെ എസ് ടി എ സംസ്ഥാന കമ്മിറ്റി മുന്നറിയിപ്പ് നൽകി.

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി